"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - ശ്രീ. രാംകുമാറിന് തന്റെ പിതാവായ എം.കെ. മാധവന്റെ കുടുംബപെൻഷൻ ഗാർഡിയനായ ശ്രീമതി എം. റാണി മുഖേന 01/11/2022 തീയതി പ്രാബല്യത്തിൽ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.41/2024/AYUSH തീയതി,തിരുവനന്തപുരം, 05-02-2024

---

പരാമർശം:- ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 24.04.2023, 06.12.2023 എന്നീ തീയതികളിലെ ഡിഐഎസ്എം/1040/ 2023 /എഫ് 2 നമ്പർ കത്തുകൾ

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ പട്ടിക്കാട് പാണൻഞ്ചേരി സർക്കാർ വിഷ ആശുപത്രിയിൽ മെഡിക്കലാഫീസറായി വിരമിച്ച ഡോ എം.കെ. മാധവൻ 09/09/1987 ൽ മരണപ്പെടുകയും, ടിയാന്റെ മരണശേഷം ഫാമിലി പെൻഷൻ കൈപ്പറ്റി വന്ന ഭാര്യ തങ്കമ്മ 21/10/2022 ന് മരണപ്പെടുകയും, ഇവരുടെ മൂന്നാമത്തെ മകൻ ശ്രീ. എം. രാംകുമാർ മാനസികവൈകല്യം ഉള്ളതും അവിവാഹിതനുമാണെന്നും മാതാവിന്റെ മരണശേഷം ശ്രീ. രാംകുമാറിന്റെ ലീഗൽ ഗാർഡിയനായി ടിയാന്റെ സഹോദരിയായ ശ്രീമതി റാണി എം.-നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ടെന്നും, ആയതിനാൽ ശ്രീ. എം. രാംകുമാറിന് കുടുംബ പെൻഷൻ അനുവദിക്കണമെന്നും പരാമർശിത കത്ത് പ്രകാരം ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബപെൻഷൻ കൈപ്പറ്റിയിരുന്ന മാതാവ് തങ്കമ്മ 21/10/2022-ൽ മരണപ്പെട്ടതിനു ശേഷം നിർദ്ദിഷ്ട സമയപരിധിയായ 3 വർഷത്തിനുള്ളിൽ ശ്രീ. രാംകുമാറിന് മാനസിക വൈകല്യമുള്ള മക്കളുടെ വിഭാഗത്തിൽ കുടുംബപെൻഷനായുള്ള അപേക്ഷ, അനുബന്ധ രേഖകളെല്ലാം ഉൾപ്പെടെ സമർപ്പിച്ചിട്ടുള്ളതിനാലും ലഭ്യമാക്കിയിരിക്കുന്ന 08/11/2023-ലെ നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിൽ ശ്രീ. രാംകുമാർ മാനസിക വൈകല്യമുള്ളതും സ്വന്തമായി തൊഴിൽ ചെയ്ത് ജീവിക്കാനാകാത്ത വ്യക്തിയാണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും ശ്രീ. രാംകുമാറിന് പിതാവായ എം.കെ. മാധവന്റെ കുടുംബപെൻഷൻ ഗാർഡിയനായ ശ്രീമതി എം. റാണി മുഖേന 01/11/2022 തീയതി പ്രാബല്യത്തിൽ അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ശ്രീ എം രാംകുമാർ, C/o. ശ്രീമതി എം റാണി, മേലാർക്കഴികം, വക്കം പി ഒ തിരുവനന്തപുരം

695308 (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)

ധനകാര്യവകുപ്പ് (2448712/HLT-B3/184/2023-FIN dated 09.01.2024)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ ,സബ് ട്രഷറി ,കടയ്ക്കാവൂർ

ഡയറക്ടർ, വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 05-02-2024 12:38:18
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആയുഷ് വകുപ്പ് മന്ത്രിയുടെ പി എസിന്